REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനും മധ്യപ്രദേശും സന്ദർശിക്കും. ഇരു സംസ്ഥാനങ്ങളിലുമായി 17,600 കോടി രൂപയുടെ പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും.
- സിക്കിമിൽ മിന്നൽ പ്രളയത്തിൽ കാണാതായ 23 സൈനികരിൽ ഒരാളെ കണ്ടെത്തി. ശേഷിക്കുന്നവർക്കായി തെരച്ചിൽ തുടരുന്നു.
- മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും മേഖലാതല അവലോകനയോഗം രാവിലെ കോഴിക്കോട്ട് ആരംഭിക്കും.
- ഹാങ്ജോ ഏഷ്യൻ ഗെയിംസിൽ ഇന്നലെ ഇന്ത്യയ്ക്ക് മൂന്ന് സ്വർണമടക്കം 12 മെഡലുകൾ.
- ICC ഏകദിന ലോകകപ്പ് ക്രിക്കറ്റിന് ഇന്ന് അഹമ്മദാബാദിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനും മധ്യപ്രദേശും സന്ദർശിക്കും. രാജസ്ഥാനിലെ ജോധ്പൂരിൽ 5,000 കോടി രൂപയുടെ റോഡ്, റെയിൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ വിവിധ വികസന പദ്ധതികൾക്ക് ഇന്ന് തറക്കല്ലിടുകയും പൂർത്തിയായവ**

**രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. പൊതുസമ്മേളനത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.**

**ജോധ്പൂർ എയിംസിലെ 350 കിടക്കകളോട് കൂടിയ ട്രോമാ കെയർ സെന്ററിനും പ്രധാനമന്ത്രി ആയുഷ്മൻ ഭാരത് പദ്ധതിയിൽ ഏഴ് ക്രിറ്റിക്കൽ കെയർ സെന്ററുകൾക്കും പ്രധാനമന്ത്രി  ഇന്ന് തറക്കല്ലിടും. ജോധ്പൂർ IIT കാമ്പസും, സ്റ്റാഫ് ക്വാർട്ടേഴ്സും, യോഗാ ആന്റ് സ്പോർട്സ് സയൻസ് കെട്ടിടവും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.**

**മധ്യപ്രദേശിൽ 12,600 കോടി രൂപയുടെ റോഡ്, റെയിൽ പദ്ധതികൾക്കും പ്രധാനമന്ത്രി തറക്കല്ലിടും. നിർമ്മാണം പൂർത്തിയായ റാണി ദുർഗാവതി സ്മാരകം അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും.  100 കോടി രൂപ ചെലവഴിച്ചാണ് ജബൽപ്പൂരിൽ 21 ഏക്കർ സ്ഥലത്ത് 52 അടി ഉയരത്തിൽ റാണി ദുർഗാവതി സ്മാരക വെങ്കൽ പ്രതിമയും ഉദ്യാനവും ഒരുക്കിയത്.**

✪✪✪

**സിക്കിമിൽ മിന്നൽ പ്രളയത്തിൽ കാണാതായ 23 സേനാംഗങ്ങളിൽ ഒരാളെ കണ്ടെത്തി. ബാക്കി 22 പേർക്കായി തെരച്ചിൽ തുടരുകയാണ്. ഇന്നലെ ക്യാബിനറ്റ് സെക്രട്ടറി രാജീവ് ഗൗബ, സിക്കിമിലെ സ്ഥിതിഗതികൾ വിലയിരുത്തി. ചുങ്താങ് അണക്കെട്ടിന്റെ തുരങ്കത്തിൽ കുടുങ്ങിയ വിനോദ സഞ്ചാരികളെ രക്ഷപ്പെടുത്താൻ അടിയന്തര നടപടി എടുക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറി ആവശ്യപ്പെട്ടു. ദേശീയ**

ദുരന്ത നിവാരണ സേനയുടെ കൂടുതൽ സംഘങ്ങളെ സംസ്ഥാനത്തേക്ക് അയക്കുമെന്നും അദ്ദേഹം അറിയിച്ചു.

ചുങ്താങ്, ലാച്ചൻ, ലാച്ചുങ്, പ്രദേശങ്ങൾ മിന്നൽ പ്രളയത്തെ തുടർന്ന് പൂർണമായി ഒറ്റപ്പെട്ടിരിക്കുകയാണ്. വൈദ്യുതി-വാർത്താ വിനിമയ ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ യുദ്ധകാലാടിസ്ഥനത്തിൽ ശ്രമം തുടരുകയാണ്. ദുരന്ത മേഖലയിൽ ഉപയോഗിക്കാൻ കേന്ദ്രം സാറ്റലൈറ്റ് ഫോണുകൾ നൽകിയിട്ടുണ്ട്.

✪✪✪

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ രാവിലെ ആരംഭിക്കും. മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും പുറമെ ചീഫ് സെക്രട്ടറിയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും.

കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകനമാണ് കോഴിക്കോട്ട് നടത്തുന്നത്. യോഗത്തിൽ സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും നടപടി ഉണ്ടാകും.

രാവിലെ ഒൻപതര മുതൽ പ്രമുഖ പദ്ധതികളുടേയും പരിപാടികളുടേയും അവലോകനം നടത്തും. വൈകീട്ട് മൂന്നര മുതൽ അഞ്ച് വരെ പൊലീസ് ഓഫീസർമാരുടെ

യോഗംചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

✪✪✪

കർണാടകത്തിലെ വരൾച്ചാ സാഹചര്യം വിലയിരുത്താൻ കേന്ദ്ര സംഘം ഇന്നെത്തും. മൂന്ന് ടീമുകളായി തിരിയുന്ന സംഘം അടുത്ത നാല് ദിവസങ്ങളിൽ വരൾച്ച ബാധിത മേഖലകൾ സന്ദർശിക്കും. 195 താലൂക്കുകളിലെ 42 ലക്ഷത്തോളം ഹെക്ടർ പ്രദേശത്ത് കൃഷിനാശം ഉണ്ടായതായി കർണാടക ഗവൺമെന്റ് അറിയിച്ചു.

✪✪✪

റവന്യൂ വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് മന്ത്രി K.രാജൻ പറഞ്ഞു. ഇതിനായി റവന്യൂ വകുപ്പിൽ ഒട്ടേറെ മാറ്റങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

റീ ബിൽഡ് കേരള ഇനീഷേറ്റീവ് പദ്ധതിയിൽ ഇൾപ്പെടുത്തി നിർമ്മിച്ച കണ്ണൂർ ജില്ലയിലെ തിമിരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂവേരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടവും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

ലക്ഷദ്വീപ് എം.പി, P.P മുഹമ്മദ് ഫൈസലിനെ വീണ്ടും അയോഗ്യനാക്കി ലോക്സഭാ സെക്രട്ടറിയേറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. വധശ്രമക്കേസിൽ കുറ്റക്കാരനാണെന്ന

കവരത്തി ജില്ലാ കോടതിയുടെ ശിക്ഷാ വിധി റദ്ദാക്കണമെന്ന മുഹമ്മദ് ഫൈസലിന്റെ അപ്പിൽ ഹർജി കേരളാ ഹൈക്കോടതി നിരസിച്ചതിനെ തുടർന്നാണ് നടപടി.

✪✪✪

സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നവംബർ ഒന്ന് മുതൽ ബസ്സുകളിൽ സൗജന്യ യാത്ര അനുവദിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. KSRTC ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും ഈ സൗകര്യം ലഭ്യമാകും.

✪✪✪

വയനാട് തലപ്പുഴയിൽ ഇന്നലെ വൈകീട്ട് ആറരയോടെ വീണ്ടും മാവോയിസ്റ്റുകളെത്തി. കഴിഞ്ഞ ദിവസങ്ങളിൽ KFDC ഓഫീസ് തകർത്ത അഞ്ചംഗ സംഘമാണ് വിണ്ടും കമ്പമലയിൽ ഏത്തിയത്. വൈകിട്ട് ആറരയോടെ എസ്റ്റേറ്റിൽ ഏത്തിയ സംഘം തൊഴിലാളികൾ താമസിക്കുന്ന പാടിക്ക് സമീപം പോലിസ് സ്ഥാപിച്ച നിരീക്ഷണ ക്വാമറകൾ അടിച്ചു തകർത്തു. തുടർന്ന് തൊഴിലാളികൾക്ക് ലഘുലേഖകൾ വിതരണം ചെയ്തു.

കഴിഞ്ഞ മാസം 28നാണ് KFDC ഡിവിഷൻ ഓഫീസ് മാവോയിസ്റ്റ് സംഘംതകർത്തത്. പ്രദേശത്ത് തണ്ടർ ബോൾട്ടിന്റെയും പോലീസിന്റെയും നേതൃത്യത്തിൽ പ്രദേശത്ത് തിരച്ചിൽ നടത്തി.

✪✪✪

ഹാങ്ജോ ഏഷ്യൻ ഗെയിംസിലെ പതിനൊന്നാം ദിവസം ഇന്ത്യൻ അത്‌ലറ്റുകൾ അവിസ്മരണീയമാക്കി. മൂന്ന് സ്വർണവും അഞ്ച് വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ 12 മെഡലുകളാണ് ഇന്നലെ ഇന്ത്യ നേടിയത്. ഇതോടെ 81 മെഡലുകളുമായി മെഡൽ പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്ത് തുടരുകയാണ്.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്..........

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ എക്കാലത്തെയും മികച്ച പ്രകടനമാണ് ഹാങ്ജോവിൽ ഇന്ത്യൻ അത്‌ലറ്റുകൾ കാഴ്ചവെക്കുന്നത്. 18 സ്വർണവും 31 വെള്ളിയും 32 വെങ്കലവും നേടി ഇന്ത്യ കുതിപ്പ് തുടരുകയാണ്. ഇന്നലെ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര സ്വർണം നേടിയപ്പോൾ ഇതേ ഇനത്തിൽ ഇന്ത്യയുടെ തന്നെ കിഷോർ ജെന വെള്ളി സ്വന്തമാക്കി. പുരുഷ വിഭാഗം 4×400 മീറ്റർ റിലേ ടീമും, കോമ്പൗണ്ട് മിക്സഡ് ടീം അമ്പെയ്ത്ത് ഫൈനലിൽ ജ്യോതി സുരേഖ വെണ്ണം, ഓജസ് ഡിയോട്ടാലെ സഖ്യവുമാണ് ഇന്നലെ ഇന്ത്യക്ക് മറ്റു രണ്ട് സ്വർണമെഡലുകൾ സമ്മാനിച്ചത്.

വനിതകളുടെ 4×400 മീറ്റർ റിലേയിൽ ഇന്ത്യൻ ടീം വെള്ളി നേടി. വനിതകളുടെ 800 മീറ്ററിൽ ഹർമിലൻ ബെയിൻസ്, പുരുഷന്മാരുടെ 5000 മീറ്ററിൽ അവിനാഷ് സാബിൾ, വനിതകളുടെ 75 കിലോഗ്രാം ബോക്സിംഗിൽ ലോവ്‌ലിന ബോർഗോഹൈൻ എന്നിവരും വെള്ളി നേടി.

വനിതകളുടെ 57 കിലോഗ്രാം ബോക്സിംഗിൽ പർവീൺ ഹൂഡ, സ്ക്വാഷിൽ അഭയ് സിംഗ്, അനാഹത് സിംഗ്, 35 കിലോമീറ്റർ മിക്സഡ് റിലേ റേസ് വാക്കിൽ രാം ബാബു, മഞ്ജു റാണി എന്നിവർ വെങ്കലം സ്വന്തമാക്കി. പുരുഷന്മാരുടെ ഗ്രീക്കോ-റോമൻ 87 കിലോഗ്രാം ഗുസ്തിയിൽ സുനിൽ കുമാറിനും വെങ്കലം ലഭിച്ചു. ഈ ഇനത്തിൽ 13 വർഷത്തിന് ശേഷമാണ് ഇന്ത്യക്ക് മെഡൽ ലഭിക്കുന്നത്.

പുരുഷന്മാരുടെ മാരത്തൺ ഫൈനൽ, ജു-ജിറ്റ്സു, റോളർ സ്കേറ്റിംഗ്, ഗുസ്തി തുടങ്ങിയ മത്സരങ്ങളിൽ ഇന്ത്യൻ അത്‌ലറ്റുകൾ ഇന്ന് പങ്കെടുക്കും.

ഏഷ്യൻ ഗെയിംസിലെ മികച്ച പ്രകടനത്തിന് ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിക്കുകയും വരാനിരിക്കുന്ന മത്സരങ്ങൾക്കായി ടീമിന് ആശംസകൾ നേരുകയും ചെയ്തു.

✪✪✪

ICC ഏകദിന ലോകകപ്പ് ക്രിക്കറ്റിന് ഇന്ന് അഹമ്മദാബാദിൽ തുടക്കമാകും. നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ലോകകപ്പിലെ ആദ്യ മത്സരം ന്യൂസിലാൻഡും ഇംഗ്ലണ്ടും തമ്മിലാണ്. ഉച്ചയ്ക്ക് രണ്ടിന് മത്സരം ആരംഭിക്കും. ഇന്ത്യയുടെ ആദ്യ മത്സരം ഞായറാഴ്ച ഓസ്ട്രേലിയയ്ക്കെതിരെ ചെന്നൈയിലാണ്. രാജ്യത്തെ 10 നഗരങ്ങളിലായി ഒന്നരമാസംകൊണ്ട് ലോകകപ്പ് മത്സരങ്ങൾ പൂർത്തിയാകും.

ഈ മാസം 14-ലെ ഇന്ത്യ-പാകിസ്താൻ മത്സരമടക്കം അഞ്ച് മത്സരങ്ങൾ അഹമ്മദാബാദിലാണ്. അടുത്തമാസം 19നാണ് ഫൈനൽ മത്സരം. ഇന്ത്യയുടെ 10 നഗരങ്ങളിലാണ് ലോകകപ്പ് മത്സരങ്ങൾ ഒരുക്കിയിരിക്കുന്നത്.

✪✪✪

കണ്ണൂർ റവന്യു ജില്ല സ്കൂൾ കായികമേള ഇന്ന് തലശ്ശേരിയിൽ ആരംഭിക്കും. നഗര സഭാ സ്റ്റേഡിയത്തിൽ മൂന്ന് ദിവസത്തെ  മേളയിൽ 2,700 ഓളം വിദ്യാർഥികൾ പങ്കെടുക്കും.

✪✪✪

വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ ശീലം വളർത്തിയെടുക്കാൻ എല്ലാ സ്കൂളുകളിലും എനർജി ക്ലബുകൾ രൂപീകരിക്കും. മന്ത്രി K. കൃഷ്ണൻകുട്ടി ക്ലബ്ബുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്നലെ ഓൺലൈനിൽ നിർവ്വഹിച്ചു. ഊർജ്ജ - പരിസ്ഥിതി, അവബോധം വളർത്താൻ ക്ലബ്ബുകൾ സഹായകമാകുമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

എല്ലാ മത വിഭാഗങ്ങളും ഒന്നിച്ചു നിൽക്കുന്നതാണ് കേരളത്തിന്റെ ശക്തിയെന്ന് മന്ത്രി V. അബ്ദു റഹിമാൻ പറഞ്ഞു. തിരുവനന്തപുരത്ത് ന്യൂനപക്ഷ സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

✪✪✪

പാലക്കാട് ജില്ലയിൽ വൈദ്യുതിക്കെണിയുമായി ബന്ധപ്പെട്ട അപകടങ്ങൾ വർദ്ധിക്കുന്ന സഹചര്യത്തിൽ ഇവ കണ്ടെത്താൻ സംയുക്ത പരിശോധന ഇന്ന് ആരംഭിക്കും.

പോലീസ്, വനം, വൈദ്യൂതി വകുപ്പുകൾ ചേർന്നാണ് പരിശോധന നടത്തുന്നത്. വൈദ്യുതി വേലികൾ സംബന്ധിച്ച വിവരങ്ങൾ പൊലീസിന് കൈമാറണമെന്ന് ജില്ലാ പോലീസ് മേധാവി R.ആനന്ദ് ആവശ്യപ്പെട്ടു.

✪✪✪

കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും വെള്ളപ്പൊക്കബാധിത മേഖലകളിലെ ഏതാനും സ്കൂളുകൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

ചെങ്ങളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ക്യാമ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്കൂളിന് അവധി ബാധകമല്ല.

തിരുവനന്തപുരം താലൂക്കിൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും ഇന്ന് അവധിയായിരിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ കനത്ത മഴയെ തുടർന്ന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചു. ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, കിണർ നിർമ്മാണ പ്രവർത്തനം, എന്നിവയ്ക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പിൻവലിച്ചത്. വെള്ളച്ചാട്ടങ്ങൾ,

നദീതീരങ്ങൾ, ബീച്ചുകൾ ഉൾപ്പെടെ ഇടങ്ങളിൽ പ്രവേശന വിലക്ക് പിൻവലിച്ചെങ്കിലും ജാഗ്രത പുലർത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

✪✪✪

മാഹി സെന്റ് തെരേസ ദേവാലയത്തിലെ തിരുനാളുത്സവത്തിന് ഇന്ന് കൊടിയേറും. രാവിലെ പതിനൊന്നരയ്ക്ക് ഇടവക വികാരി ഫാ. വിൻസെന്റ് പുളിക്കൽ കൊടിയുയർത്തും. തിരുസ്വരൂപം പൊതുവണക്കത്തിന് പ്രതിഷ്ഠിക്കുന്നതോടെ 18 ദിവസത്തെ തിരുനാളാഘോഷ ങ്ങൾക്ക് തുടക്കമാകും.

✪✪✪

കേരളാ ബാങ്ക് നബാർഡിന്റെ സഹകരണത്തോടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ ശിൽപ്പശാല കോട്ടയം കുമരകത്ത് നാളെ ആരംഭിക്കും. കയറ്റുമതി ഉൽപ്പാദനവും കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനവും എന്ന വിഷയത്തിലാണ് ശിൽപശാല. മന്ത്രി V.N വാസവൻ, കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിയ്ക്കൽ, തുടങ്ങിയവരും മുതിർന്ന ഉദ്യോഗസ്ഥരും, വിദഗ്ധരും ശിൽപ്പശാലയിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ നിപ സമ്പർക്ക പട്ടികയിൽ ഉണ്ടായിരുന്ന 23 പേരെ കൂടി പട്ടികയിൽ നിന്ന് ഒഴിവാക്കി. ഇതോടെ 17 പേരാണ് സമ്പർക്ക പട്ടികയിൽ ശേഷിക്കുന്നത്.

✪✪✪

വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിൽ വിവരം നൽകാത്തതിന് KSEB പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറിൽ നിന്ന് 25,000 രൂപ പിഴയീടാക്കാൻ സംസ്ഥാന വിവരാവകാശ കമ്മീഷണർ A. അബ്ദുൽ ഹക്കീം ഉത്തരവിട്ടു. വിവരം നൽകാൻ 108 ദിവസത്തെ കാലതാമസം വരുത്തിയെന്നും ഇതിൽ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്നും കമ്മീഷണർ വ്യക്തമാക്കി.

✪✪✪